പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1016 11.3.2015 ലെ മറുപടിയ്ക്ക്

**ബേക്കൽ കൾച്ചറൽ സെന്റർ**

| ചോദ്യം<br>ശ്രീ. കെ.കുഞ്ഞിരാമൻ (ഉദുമ) | | ഉത്തരം<br>ശ്രീ. എ.പി.അനിൽ കുമാർ<br>പട്ടികജാതി പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി | |
|---|---|---|---|
| എ) | ബേക്കൽ കൾചറൽ സെന്ററിന് തറക്കല്ലിടൽ നടത്തിയതെന്നാണ്; വിശദമാക്കാമോ ; | എ) | ബേക്കൽ കൾച്ചറൽ സെന്ററിന് 2011 ജൂലൈ 29 നാണ് തറക്കല്ലിട്ടത്. |
| ബി) | തറക്കല്ലിടൽ കർമ്മം നിർവ്വഹിച്ചതിനുശേഷം ഇതുവരെയായി ഈ പദ്ധതി നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; | ബി) യും & സി) യും | ബേക്കലിൽ പള്ളിക്കര പഞ്ചായത്തിലെ പനയാൽ വില്ലേജിൽ തച്ചങ്ങാട് സാംസ്കാരിക സമുച്ചയം നിർമ്മിക്കുന്നതിന് നടപടികൾ ആരംഭിച്ചു. ഇതിനായി 90 സെന്റ് സ്ഥലം റവന്യൂ വകുപ്പിൽ നിന്നും 06.04.2013 ലെ ജി.ഒ.(എം.എസ്) നം.125/2013/റവ സർക്കാർ ഉത്തരവ് പ്രകാരം ടൂറിസം വകുപ്പിന് ഉപയോഗാനുമതി ലഭിച്ചു. കൾച്ചറൽ സെന്റർ സ്ഥാപിക്കുന്നതിനായി 4,43,75,227 രൂപയുടെ ഭരണാനുമതി നൽകി. പദ്ധതിക്കായി അനുവദിച്ച 4,43,75,227/- രൂപയിൽ ആദ്യ ഗഡുവായി 150 ലക്ഷം രൂപയും രണ്ടാം ഗഡുവായി 50 ലക്ഷം രൂപയും ഇതിനകം ബി.ആർ.ഡി.സി.ക്ക് കൈമാറിയിട്ടുണ്ട്. ഇവിടെ സാംസ്കാരിക സമുച്ചയം സ്ഥാപിക്കുന്നതിനായുള്ള ഡിസൈനും ഡ്രോയിംഗും ആർക്കിടെക്ടായ സി-എർത്ത്, കോഴിക്കോട് മുഖേന ഉണ്ടാക്കുകയും നിർമ്മാണ പ്രവർത്തി, ടെണ്ടർ ചെയ്യുന്നതിനായി കൺസൾട്ടന്റായ കിറ്റ്കോ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിക്കായി 27.6.2014 ന് ടെണ്ടർ ക്ഷണിക്കുകയും കരാറുകാരെ ലഭിക്കാത്തതുമൂലം ടെൻഡർ കാലാവധി നീട്ടുകയും ഈ കാലാവധിയിൽ ഒരു ടെൻഡർ മാത്രം ലഭിക്കുകയുമാണ് ഉണ്ടായത്. തുടർന്ന് 19.11.2014 ന് വീണ്ടും ടെൻഡർ ക്ഷണിച്ചെങ്കിലും അടങ്കൽ തുകയുടെ 7.33% കൂടുതൽ തുക മുദ്രണം ചെയ്ത ഒരു ടെൻഡർ മാത്രമാണ് ലഭിച്ചിരുന്നത്. ആയതിനാൽ വീണ്ടും ടെൻഡർ ക്ഷണിക്കുവാൻ തീരുമാനിച്ചു. റീ-ടെൻഡർ നടപടി പുരോഗമിച്ചു വരുന്നു. |
| സി) | ഇതിന്റെ നിലവിലുള്ള സ്ഥിതി എന്താണെന്ന് വിശദമാക്കാമോ? | | |

സെക്ഷൻ ഓഫീസർ